പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 04/05/2017 ൽ
നിയമസഭാ ചോദ്യം നമ്പർ 1880 | മറുപടിക്ക്

## നിർമ്മാണ മേഖല പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമന്റ് പായ്ക്കറ്റ് ഒന്നിന് നൂറു രൂപ കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമന്റ് ബാഗ് ഒന്നിന് ഏകദേശം 50-80 രൂപ കൂടുതലാണ്. |
| ബി) സിമന്റ് കൂടാതെ കമ്പി, മണൽ എന്നീ നിർമ്മാണ സാമഗ്രികളുടെ വിലയും വർദ്ധിച്ചതോടെ സംസ്ഥാനത്ത് നിർമ്മാണ മേഖല പ്രതിസന്ധിയിലാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | ബി) നോട്ടു പ്രതിസന്ധി, ജലദൗർലഭ്യം, ക്വാറി സമരം മുതലായവ കാരണം നിർമ്മാണ മേഖല പ്രതിസന്ധിയിലായിരുന്നു. നിർമ്മാണ മേഖലയിലെ പ്രതിസന്ധിക്കു തൊട്ടു മുൻപ് വിലകൾ, ബില്ലിംഗ് തുക 431/- രൂപയും, ഹോൾ സെയിൽ വില 390/- രൂപയും, റീട്ടെയിൽ വില 420/- രൂപയും, എന്ന നിലവാരത്തിലായിരുന്നു വില്പന നടത്തിയിരുന്നത്. നിർമ്മാണ മേഖലയിലെ പ്രതിസന്ധിയോടുകൂടി സിമന്റിന് ആവശ്യക്കാർ കുറയുകയും ഹോൾസെയിൽ വില 355/- മുതൽ 360/- നിലവാരത്തിലേയ്ക്ക് |

താഴ്ചയുമുണ്ടായി. ഈ ഘട്ടത്തിൽ വിലയും ബില്ലിംഗ് വിലയും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനുവേണ്ടിയുള്ള ഒരു ശ്രമം നടക്കുന്നതായി അറിയുന്നു. അതിന്റെ ഭാഗമായി ചെറിയ വിലക്കയറ്റം അനുഭവപ്പെട്ടിട്ടുണ്ട്. ബില്ലിംഗ് തുകയിൽ സ്വകാര്യ കമ്പനികൾ കാര്യമായ മാറ്റം വരുത്തിയിട്ടില്ല. മറിച്ച് ചില ആനുകൂല്യങ്ങൾ പിൻവലിക്കുന്നതായി പ്രസ്താവിച്ചിരുന്നു. എന്നാൽ സിമന്റ് ഡീലർ അസോസിയേഷൻ ഇപ്പോൾ കേരളത്തിൽ വിലകൂട്ടി വിൽക്കാനുള്ള സാഹചര്യം ഇല്ല എന്ന നിലപാടിലാണ്.

| | |
|---|---|
| സി) എങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കുവാൻ സർക്കാർ ഇടപെടുമോ; സിമന്റ് നിർമ്മാതാക്കൾ, വ്യാപാരികൾ, കെട്ടിട നിർമ്മാതാക്കൾ എന്നിവരുടെ പ്രതിനിധികളുമായി ചർച്ച നടത്തുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | സി) ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| ഡി) സർക്കാർ സ്ഥാപനമായ മലബാർ സിമന്റ്സിൽ ഉത്പാദനം വർദ്ധിപ്പിച്ച് പ്രതിസന്ധി മറികടക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) സർക്കാർ സ്ഥാപനമായ മലബാർ സിമന്റ്സിൽ ഉല്പാദനം വർദ്ധിപ്പിച്ച് പ്രതിസന്ധി മറികടക്കാൻ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>1. പ്രവർത്തനരഹിതമായിരുന്ന ചേർത്തലയിലെ സിമന്റ് ഗ്രൈൻഡിംഗ് യൂണിറ്റ് തുറന്ന് പ്രവർത്തനം തുടങ്ങി.<br>2. കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ മലബാർ സിമന്റ്സിന്റെ സിമന്റ് ഹാൻഡിലിംഗ് ഹബ്ബ് തുടങ്ങുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് |

തയ്യാറാക്കാനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

3. വാളയാർ പ്ലാന്റിലെ ഉല്പാദനം കൂട്ടാൻ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

Bindumol.K.N

സെക്ഷൻ ഓഫീസർ